# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2014 ജൂലൈ 17, വ്യാഴം

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

[ആകെ ചോദ്യങ്ങൾ -229]

| മറുപടി നൽകുന്ന മന്ത്രിമാർ | | ചോദ്യനമ്പർ |
|---|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | 8061 മുതൽ 8161 വരെ |
| ജലവിഭവ വകുപ്പുമന്ത്രി | : | 8162 മുതൽ 8201 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | : | 8202 മുതൽ 8228 വരെ |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | 8229 മുതൽ 8289 വരെ |

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ ഉറപ്പുവരുത്തേണ്ട ആരോഗ്യരംഗമെത്ത കാര്യങ്ങൾ

8061 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
പ്രൊഫ.സി. രവീന്ദ്രനാഥ്
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നമ്മുടെ സംസ്ഥാനം ആരോഗ്യരംഗത്തുവേണ്ട മരുന്നുകൾ, വാക്സിൻ, സാങ്കേതിക വിദ്യ ലഭ്യമാക്കൽ എന്നീ മേഖലകളിൽ പ്രധാനമായി ഉറപ്പുവരുത്തേണ്ട കാര്യങ്ങളെ സംബന്ധിച്ച കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിരുന്നോ;

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനു സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ശുചിത്വകേരളം - ആരോഗ്യകേരളം പരിപാടി</u>

8062 ശ്രീ. എ.റ്റി. ജോർജ്
,, ഹൈബി ഈഡൻ
,, സണ്ണി ജോസഫ്
,, പാലോട് രവി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് ശുചിത്വകേരളം-ആരോഗ്യകേരളം പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരോഗ്യം സംരക്ഷിക്കുന്നതിനായി വീടും പരിസരവും വൃത്തിയാക്കുന്നതിന് ഓരോ കുടുംബാംഗങ്ങളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം പ്രചരണ പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ജനനീ ശിശു സുരക്ഷാ പദ്ധതിയുടെ പ്രവർത്തനം

8063 ശ്രീ. സാജു പോൾ
ശ്രീമതി കെ.കെ. ലതിക
ശ്രീ. എം. ഹംസ
,, എ.എം. ആരിഫ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ജനനി ശിശു സുരക്ഷാ പദ്ധതിയുടെയും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ പദ്ധതിയുടെയും സംസ്ഥാനത്തെ പ്രവർത്തനം വിലയിരുത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം അറിയിക്കാമോ;

(ബി) ഫണ്ട് ലഭ്യമാക്കാത്തതുകൊണ്ട് ഈ പദ്ധതികൾ മുടങ്ങിയതായുള്ള പരാതിയെക്കുറിച്ച് അന്വേഷിച്ചിരുന്നോ;

(സി) പദ്ധതിയിലെ കേന്ദ്ര-സംസ്ഥാന ഫണ്ടിംഗ് രീതി അറിയിക്കാമോ; ഈ പദ്ധതികൾക്കായി സംസ്ഥാന സർക്കാർ നീക്കിവെച്ച തുകയുടെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഗ്രാമീണ ആരോഗ്യമേഖലയിൽ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും കുറവ്</u>

8064 ശ്രീ. എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ.എ. നെല്ലിക്കുന്ന്
,, വി.എം. ഉമ്മർ മാസ്റ്റർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഗ്രാമീണ ആരോഗ്യമേഖലയിൽ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നഗരപ്രദേശങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകളിൽ ഏറെക്കുറെ ആളുള്ളപ്പോൾ ഗ്രാമപ്രദേശങ്ങളിലെ നാമമാത്ര തസ്തികകളിൽപ്പോലും ആളില്ലാതാവുന്നതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

2012-13, 2013-14 വർഷങ്ങളിൽ ദേശിയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന ചെലവഴിച്ച തുക

8065 ശ്രീ. കെ. അജിത്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) 2012-13, 2013-14 വർഷങ്ങളിൽ സംസ്ഥാനത്ത് എൻ.ആർ.എച്ച്.എം. വഴി എന്തു തുക അനുവദിച്ചുവെന്നും ഇതിൽ എത്ര തുകയാണ് സംസ്ഥാനം ചെലവഴിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എൻ.ആർ.എച്ച്.എം. ഫണ്ട് പ്രധാനമായും ഏത് മേഖലകളിലാണ് ചെലവഴിക്കുന്നതെന്നും നിർമ്മാണ ആവശ്യങ്ങൾക്ക് എൻ.ആർ.എച്ച്.എം. ഫണ്ട് എത്ര ശതമാനം ചെലവഴിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) എൻ.ആർ.എച്ച്.എം. ഫണ്ട് സംസ്ഥാനത്ത് ചെലവഴിക്കുന്നതിന്റെ മേൽനോട്ടവും ചുമതലയും ആർക്കാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

എൻ.ആർ.എച്ച്.എം. മുഖേന താലൂക്ക് ആശുപത്രികളിൽ അത്യാഹിത വിഭാഗം

8066 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് എൻ.ആർ .എച്ച്.എം. മുഖേന എത്ര താലൂക്ക് ആശുപത്രികളിലാണ് കാഷ്വാലിറ്റി സംവിധാനം പ്രവർത്തിക്കുന്നത് വ്യക്തമാക്കാമോ;

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവന്നിരുന്ന കാഷ്വാലിറ്റി നിർത്തലാക്കിയ സാഹചര്യം വ്യക്തമാക്കുമോ; കാഷ്യവാലിറ്റി നർത്തലാക്കിയതുകൊണ്ട് പൊതു ജനങ്ങൾക്കുണ്ടായ പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി സംവിധാനം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>എൻ.ആർ.എച്ച്.എം മുഖേന നിയമിതരായിട്ടുള്ള വനിതാ വിഭാഗം ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി</u>

8067 ശ്രീ. കെ. കെ. ജയചന്ദ്രൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) എൻ.ആർ.എച്ച്.എം മുഖേന നിയമിതരായിട്ടുള്ള വനിതാവിഭാഗം ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയുള്ള പ്രസവാവധി അനുവദിച്ചു നൽകാറുണ്ടോ; എങ്കിൽ എത്ര ദിവസമാണ് ശമ്പളത്തോടുകൂടി അവധി അനുവദിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇടുക്കി ജില്ലയിൽ എൻ.ആർ.എച്ച്. എം മുഖേന നിയമിതരായിട്ടുള്ള വനിതാ ജീവനക്കാർക്ക് പ്രസവാവധിക്കാലത്തെ ശമ്പളം നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അർഹരായിട്ടുള്ള അപേക്ഷകർക്കെല്ലാം പ്രസവാവധിക്കാലത്തെ ശമ്പളം അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

എല്ലാ ബ്ലോക്ക് പഞ്ചായത്തിലും സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം

8068 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഷാഫി പറമ്പിൽ
,, തേറമ്പിൽ രാമകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ഒരു ആശുപത്രിയിൽ സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയനുസരിച്ച് എന്തെല്ലാം സ്പെഷ്യാലിറ്റി വിഭാഗങ്ങളാണ് ആശുപത്രികളിൽ ലഭ്യമാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനം ലഭ്യമാക്കാൻ പദ്ധതി എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വീട്ടില വന്ന് ചികിത്സിക്കുന്നതിനുള്ള സംവിധാനം

8069 ശ്രീ. പി. സി. ജോർജ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) വൃദ്ധജനങ്ങളെയും ശയ്യാവലംബരായ രോഗികളെയും അവരുടെ വീട്ടിലെത്തി വൈദ്യപരിശോധന നടത്തുന്നതിനും ചികിത്സിക്കുന്നതിനും ഇപ്പോൾ സർക്കാർ സംവിധാനങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിച്ച് അനുകൂല തീരുമാനമെടുക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കിടത്തി ചികിത്സയുള്ള ആരോഗ്യകേന്ദ്രങ്ങളാക്കാൻ നടപടി</u>

8070 ശ്രീ. കെ. അജിത്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ നിലവിൽ വന്ന ശേഷം ഒ.പി. വിഭാഗത്തിൽ മാത്രം ചികിത്സ നൽകിയിരുന്ന ഏതെങ്കിലും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കിടത്തി ചികിത്സകൂടിയുള്ള ആശുപത്രികളായി ഉയർത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയത് ഏതൊക്കെ ആശുപത്രികളെയാണെന്നും, ഇതിനായി എത്ര ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടി വന്നുവെന്നും വെളിപ്പെടുത്തുമോ;

(ബി) കിടത്തി ചികിത്സയ്ക്ക് പര്യാപ്തമായ രീതിയിൽ ആശുപത്രികളെ ഉയർത്തുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡം എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>അർബന സ്ലം ഹെൽത്ത് അപ്ലിഫ്റ്റ് ഇന്റ് സ്കീം</u>

8071 ശ്രീ. കെ. വി. വിജയദാസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) 2014-2015 ലെ ബജറ്റ് പ്രസംഗത്തിൽ 230-ാം നമ്പർ ഇനമായ അർബൻ സ്ലം ഹെൽത്ത് -അപ്ലിഫ്റ്റ്മെന്റ് സ്കീം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) നഗരപ്രദേശങ്ങളിലെ ഓരോ സ്ലം മേഖലയും കേന്ദ്രീകരിച്ച് സ്ഥിരം ഡോക്ടറുടെ സേവനം ഉൾപ്പടെയുള്ള ക്ലിനിക് ആരംഭിക്കുന്നതിന് ഈ പദ്ധതിയിൽ നടപടി ഉണ്ടാകുമോ; വിശദവിവരം നൽകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

'ഏജ്' പദ്ധതിപ്രകാരം ജെറിയാട്രിക് ക്ലിനിക്കുകൾ

8072 ശ്രീ. കെ. വി. വിജയദാസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) 'ഏജ്' (അസിസ്റ്റന്റ്സ് ഫോർ ജെറിയാട്രിക് എമർജൻസീസ്) എന്ന പദ്ധതിയിൻകീഴിൽ ജില്ലാ ആശുപത്രികളിൽ ജെറിയാട്രിക് ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് ബജറ്റ് പ്രസംഗത്തിൽ പരാമർശിച്ചപ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജെറിയാട്രിക് വാർഡിൽ അന്തേവാസികൾ മരിക്കുവാനിടയായ സാഹചര്യം മുൻനിർത്തി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രഖ്യാപിത ക്ലിനിക്കുകളിൽ ഏതെങ്കിലും ക്ലിനിക്കിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ആർ.സി.സി യിലെ വികസന പ്രവർത്തനങ്ങൾ

8073 ശ്രീ. എം. ഹംസ

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെൻററിൻെറ വികസനത്തിനും നടത്തിപ്പിനുമായി ഈ സർക്കാർ 2013-14 വർഷത്തിൽ എത്ര തുകയാണ് നീക്കിവച്ചിരുന്നത്; അതിൽ എത്ര ചെലവഴിച്ചു; അതുപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ജില്ലാ കാൻസർ കെയർ പദ്ധതി</u>

8074 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് "ജില്ലാ കാൻസർ കെയർ" പദ്ധതി ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാകുന്നത് എവിടെയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത ആശുപത്രിയിൽ ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. തുടങ്ങുന്നതിനുള്ള പദ്ധതി

8075 ശ്രീ. പി.എ. മാധവൻ
,, അൻവർ സാദത്ത്
,, കെ. ശിവദാസൻ നായർ
,, എം.പി. വിൻസെന്റ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മെഡിക്കൽ കോളേജുകളിൽ മിനി ആർ.സി.സി. തുടങ്ങുന്നതിനായി പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത്?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

താലൂക്ക് ആശുപത്രികളിലെ സൗജന്യ ഡയാലിസിസ്

8076 ശ്രീ. ബെന്നി ബെഹനാൻ
" ഡൊമിനിക് പ്രസന്റേഷൻ
" എം.പി. വിൻസെന്റ്
" കെ. ശിവദാസൻ നായർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) താലൂക്ക് ആശുപത്രികളിലെ ഡയാലിസിസ് സെന്ററുകളിൽ സൗജന്യസേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സൗജന്യ ഡയാലിസിസ്, സ്കാനിംഗ്</u>

8077 ശ്രീ. വർക്കല കഹാർ
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സർക്കാർ ആശുപത്രികളിലെ ലാബുകളിൽ ഡയാലിസിസ്, സ്കാനിംഗ് എന്നിവയ്ക്ക് സൗജന്യസേവനം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

8078 ശ്രീ. ജി. സുധാകരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മഴക്കാല പൂർവ്വരോഗനിയന്ത്രണത്തിന് നേതൃത്വം നൽകുവാൻ ആലപ്പുഴ നഗരസഭയിൽ എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ലഭ്യമാണ്;

(ബി) മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ആലപ്പുഴ നഗരസഭയിൽ കൂടുതൽ ആരോഗ്യപ്രവർത്തകരെ താൽക്കാലികമായി നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>മഴക്കാല പൂർവ്വശുചീകരണത്തിനായി ചെലവഴിച്ച തുക</u>

8079 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നടപ്പ് സാമ്പത്തിക വർഷം മഴക്കാലപൂർവ്വശുചീകരണത്തിനായി ആരോഗ്യ വകുപ്പ് ഓരോ ജില്ലയിലും എന്തു തുക നൽകിയിരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിനകം ഇതിൽ എന്തു തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

എച്ച് 1 എൻ 1 പനിക്കുള്ള മരുന്ന്

8080 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
" എം. ചന്ദ്രൻ
" കെ.കുഞ്ഞിരാമൻ(ഉദുമ)
" കെ.കെ. നാരായണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സർക്കാരാശുപത്രികളിൽ എച്ച് 1 എൻ 1 പനിക്കുള്ള മരുന്ന് ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇത് പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) ഈ രോഗത്തിനുള്ള മരുന്ന വിതരണം കേന്ദ്രസർക്കാർ നിർത്തിയോ; എങ്കിൽ അത് പുനഃസ്ഥാപിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

എച്ച്. വൺ എൻ. വൺ പനിക്കുള്ള മരുന്ന്

8081 ശ്രീമതി കെ. എസ്. സലീഖ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) എച്ച്.വൺ എൻ.വൺ പനിക്കുള്ള മരുന്ന് നൽകുന്നതിൽ നിന്ന് കേന്ദ്രസർക്കാർ പിൻമാറിയതുമൂലം സംസ്ഥാനത്തെ ആശുപത്രികളിൽ പ്രസ്തുത രോഗത്തിനുള്ള മരുന്ന ലഭ്യമല്ലാത്തത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കേന്ദ്രസർക്കാരിൽ നിന്നും മരുന്ന ലഭ്യമാക്കാൻ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മരുന്ന് കേന്ദ്രത്തിൽ നിന്നും ലഭ്യമാകുന്നതുവരെ രോഗികൾക്ക് സൗജന്യമായി നൽകുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) നിലവിൽ പ്രസ്തുത രോഗത്തിന് ചികിത്സയിൽ കഴിയുന്ന രോഗികൾ എത്ര ; 2014 ജനുവരിക്കുശേഷം നാളിതുവരെ പ്രസ്തുത രോഗം ബാധിച്ച് മരണപ്പെട്ടവർ എത്ര ; പ്രസ്തുത രോഗം കണ്ടുപിടിക്കാൻ കഴിയാതെ മരണപ്പെട്ടവർ എത്ര ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പകർച്ചപ്പനിക്കുള്ള മരുന്നുകൾ</u>

8082 ശ്രീ. ജി. സുധാകരൻ
,, കെ.കെ. നാരായണൻ
,, ബി.ഡി. ദേവസ്സി
ഡോ. കെ. ടി. ജലീൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പകർച്ചപ്പനി ബാധിച്ചു സർക്കാർ ആശുപത്രിയിൽ എത്തുന്നവർക്ക് നിർദ്ദിഷ്ട 20 ടൈപ്പു മരുന്നുകൾ മാത്രമേ നൽകാവൂ എന്ന് ആരോഗ്യവകുപ്പ് നിർദ്ദേശിച്ചതിനു കാരണം വ്യക്തമാക്കുമോ;

(ബി) ഇതു പാവപ്പെട്ട രോഗികളെ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ നിർബ്ബന്ധിതരാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(സി) രോഗികളുടെ ജീവൻ അപകടത്തിലാക്കുന്ന പ്രവൃത്തിയിൽ നിന്നു സർക്കാർ പിന്തിരിയുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പ്രമേഹരോഗം നിയന്ത്രിക്കുന്നതിന് നടപടികൾ</u>

8083 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരളത്തിലുള്ള പ്രമേഹരോഗികളുടെ ശരിയായ കണക്ക് ലഭ്യമാണോ ;

(ബി) പ്രമേഹ രോഗികളുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പ്രതിരോധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രമേഹരോഗികൾക്കുള്ള മരുന്ന് സൗജന്യമായി നൽകുന്നുണ്ടോ ഇല്ലെങ്കിൽ അതെക്കുറിച്ച് ആലോചിക്കുമോ ;

(ഡി) പ്രമേഹരോഗം നിയന്ത്രിക്കുന്നതിന് അവബോധം അത്യന്താപേക്ഷിതമായിരിക്കെ ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മദ്യപാനം മൂലമുണ്ടാകുന്ന രോഗങ്ങൾ

8084 ശ്രീ. സി. മമ്മൂട്ടി
,, എൻ. ഷംസുദ്ദീൻ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആശുപത്രികളിൽ ചികിത്സയ്ക്കെത്തുന്നവരിൽ അഞ്ചിലൊന്നിന്റെ രോഗത്തിന് അടിസ്ഥാനകാരണം മദ്യപാനമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ ഐ.എം.എ.യുടെ ആഭിമുഖ്യത്തിൽ പഠനം നടത്താൻ ഉദ്ദേശിക്കുന്നതായി അറിവുണ്ടോ ;

(സി) മദ്യപാനം ഉണ്ടാക്കുന്ന രോഗങ്ങളെയും അവയുടെ ചികിത്സയേയും ചികിത്സക്കുവേണ്ടിവരുന്ന ചെലവിനേയും മരണനിരക്കിനെയും സംബന്ധിച്ച ഒരു സമഗ്രപഠനം താലൂക്ക് തലം മുതലുള്ള ആശുപത്രികളിലെങ്കിലും നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>റൂബല്ല രോഗത്തോട് സാമ്യമുള്ള വൈറസ് രോഗം</u>

8085 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ
,, കെ. അജിത്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കുട്ടികളിൽ കണ്ടുവരുന്ന റൂബല്ല രോഗത്തോട് സാമ്യമുള്ള വൈറസ് രോഗം വ്യാപകമായി ക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികളെയും മുതിർന്നവരെയും ഒരുപോലെ ബാധിക്കുന്ന ഈ രോഗം സ്ഥിരീകരിക്കാനും, ചികിത്സ നൽകാനും കഴിയുന്നില്ലെന്നുള്ളത് ശരിയാണോ; എങ്കിൽ ഈ രോഗം പടരുന്നതിനെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കുട്ടികളിലും, മുതിർന്നവരിലും, ഗർഭിണികളിലും ഈ രോഗം എങ്ങനെയെല്ലാം ബാധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഉച്ചഭക്ഷണത്തിനായി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം</u>

T8086 ശ്രീ. എസ്. ശർമ്മ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ ) സ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിന് സിവിൽ സപ്ലൈസ് മുഖാന്തിരം വിതരണം ചെയ്യുന്ന അരി, പലവ്യഞ്ജനം എന്നിവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പുഴു, പാറ്റ, കീടങ്ങൾ എന്നിവയുള്ള അരി വിതരണത്തിനായി എത്തുന്നവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സിസ്സേറിയൻ പ്രസവങ്ങൾ</u>

8087 ശ്രീ. സി. കൃഷ്ണൻ
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീമതി കെ.എസ് സലീഖ
,, കെ.കെ. ലതിക

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
**വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ലോകാരോഗ്യ സംഘടനയുടെ പഠനമനുസരിച്ച് സിസ്സേറിയൻ രീതിയിലുള്ള പ്രസവം ആകെയുള്ളതിന്റെ എത്ര ശതമാനംവരെയാകാമെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) കേരളത്തിലെ സർക്കാരാശുപത്രികളിലെയും സ്വകാര്യ ആശുപത്രികളിലെയും സിസ്സേറിയൻ നിരക്ക് എത്രയാണെന്നതിന്റെ കണക്ക് ലഭ്യമാണോ; അറിയിക്കാമോ;

(സി) അസാധാരണമായി ഉയർന്ന തോതിലുള്ള സിസ്സേറിയൻ പ്രസവത്തിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇതുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ചിയാക് പദ്ധതിയിൽ ഹീമോഫീലിയ രോഗത്തിന് ചികിത്സാ സഹായം

8088 ശ്രീ. ജി. സുധാകരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആർ എസ്.ബി.വൈ/ചിസ് പദ്ധതി പ്രകാരം നിലവിലുള്ള ചികിത്സാ പാക്കേജുകൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) ഹീമോഫീലിയ ഫാക്ടർ ചികിത്സ ചിസ് പ്ലസിൽ ഉൾപ്പെടുത്തി ചികിത്സാ സഹായം നൽകാൻ നടപടി സ്വീകരിക്കുമോ;

(സി) ചിസ് പ്ലസ് പദ്ധതി പ്രകാരമുള്ള വിവിധ ചികിത്സാ പാക്കേജുകൾ നിശ്ചയിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിച്ചവരുടെ വർദ്ധനവ്</u>

8089 ശ്രീ. പി. ഉബൈദുള്ള

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി. ബാധിച്ചവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2014 ജൂൺ30 വരെ സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്രയെന്നും എത്ര പേർ മരണപ്പെട്ടുവെന്നും വിഭാഗം തിരിച്ച് (പുരുഷൻ, സ്ത്രീ, കുട്ടികൾ) വ്യക്തമാക്കാമോ;

(സി) എച്ച്.ഐ.വി. മഹാമാരി ഒരു സംയോജിത പകർച്ച വ്യാധിയായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ രോഗത്തിന്റെ വ്യാപനം തടയുന്നതിനും രോഗികളുടെ പുനരധിവാസത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായ റിപ്പോർട്ട്</u>

8090 ശ്രീ. കെ.എൻ.എ. ഖാദർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ ഏതെങ്കിലും ആശുപത്രികളിൽ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആന്തരികാവയവങ്ങൾ സൂക്ഷിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാനത്തെ എല്ലാ ആശുപത്രികളും ബയോ മെഡിക്കൽ (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) റൂൾസ് 1998 പ്രകാരമാണ് ആന്തരികാവയവങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ ആശുപത്രി പരിസരങ്ങളിൽ മാലിന്യത്തോടൊപ്പ നീക്കം ചെയ്യപ്പെട്ട ആന്തരികാവയവങ്ങളും മറ്റ് മനുഷ്യാവയവങ്ങളും കാണപ്പെട്ടതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് എല്ലാ ആശുപത്രികളും മാനദണ്ഡ പ്രകാരം ഇവ കൈകാര്യം ചെയ്യുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തുന്നതിന് പരിശോധനകൾ കർശനമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ മുഖേന രോഗബാധിതരായവരുടെ എണ്ണം</u>

8091 ശ്രീ. കെ.എൻ.എ. ഖാദർ

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

എൻഡോസൾഫാൻ തളിച്ചത് മൂലം സംസ്ഥാനത്ത് രോഗികളായവരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾളിലെ കാലതാമസം

8092 ശ്രീമതി പി. അയിഷാ പോറ്റി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ പല കേസ്സുകളുടെയും അന്വേഷണം താമസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) ദുരൂഹസാഹചര്യത്തിൽ മരണപ്പെടുന്നവരുടെ ആന്തരിക അവയവങ്ങളുടെ രാസപരിശോധനാഫലം താമസം കൂടാതെ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും;

(ഡി) കൊട്ടാരക്കര പോലീസ് സ്റ്റേഷനിലെ എഫ്. ഐ.ആർ.നം. 2220/13 കേസ്സിന്റെ രാസപരിശോധനാഫലം അടിയന്തരമായി ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡോക്ടർമാരുടെ സ്വകാര്യപ്രാക്ടീസ്

8093 ശ്രീ. കെ. കെ. നാരായണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാർ സ്വകാര്യ പ്രാക്ടീസ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിലെ സൂപ്രണ്ട് തന്നെ സ്വകാര്യ പ്രക്ടീസ് നടത്തുന്നതും മെഡിക്കൽ കോളേജിലെ രോഗികളിൽ നിന്ന് പണം വീട്ടിൽ എത്തിക്കാൻ ആവശ്യപ്പെട്ടതായും വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

അംഗീകൃത ബ്ലഡ് ബാങ്കുകൾ

8094 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് എത്ര അംഗീകൃത ബ്ലഡ് ബാങ്കുകളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) ബ്ലഡ് ബാങ്കുകൾ രക്തം സ്വീകരിക്കുന്നതിന് മുമ്പായി എന്തൊക്കെ ടെസ്റ്റുകളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ബ്ലഡ് ബാങ്കുകളിൽ നിന്ന് ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവർക്കാണ് സൗജന്യമായി രക്തം നൽകുന്നതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ദന്തരോഗങ്ങൾ വർദ്ധനവ്</u>

8095 ശ്രീ. എം. ഹംസ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) ദന്തരോഗങ്ങൾ ക്രമാതീതമായി വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ് എന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) തൃപ്തികരമായ ദന്ത സുരക്ഷ രോഗികൾക്ക് ഉറപ്പാക്കുന്നതിനായി ആശുപത്രികളിൽ നൂതനവും അത്യാധുനികവുമായ ഉപകരണങ്ങൾ സജ്ജീകരിയ്ക്കുന്നതിനായി 1.7.2011 മുതൽ 31.3.2014 വരെ എത്ര തുക ചെലവഴിച്ചു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളിലും സി.എച്ച്.സി.കളിലും ദന്ത ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന</u>

8096 ശ്രീ. ഇ.പി. ജയരാജൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജനയിൻ (ആർ.എസ്.ബി.വൈ) കീഴിൽ ആശുപത്രികൾക്ക് ലഭിയ്ക്കുന്ന ഇൻഷ്വറൻസ് തുക ഏതെല്ലാം ആവശ്യങ്ങൾക്ക് വിനിയോഗിക്കാമെന്നതു സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ഉത്തരവ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം അശുപത്രികളിൽ ആർ.എസ്.ബി.വൈ. ഫണ്ട് വിനിയോഗത്തിൽ ക്രമക്കേട് നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾക്കെതിരെ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ആശുപത്രികളിലെ സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ

8097 ശ്രീ. കെ. എൻ.എ. ഖാദർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) എല്ലാ സർക്കാർ ജനറൽ ആശുപത്രികളും ജില്ലാ ആശുപത്രികളും താലൂക്ക് ആശുപത്രികളും മെഡിക്കൽ കോളേജുകളും സ്റ്റാൻഡേർഡൈസേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ബി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ട്രോമാകെയർ സേവനം ലഭ്യമാണോ ; ഇല്ലെങ്കിൽ ആയത് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും അത്യാഹിത വിഭാഗം പൂർണ്ണ സജ്ജമായി പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(ഡി) എല്ലാ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിലും ലബോറട്ടറി, ഫാർമസി, ബ്ലഡ് ബാങ്ക്, എക്സ്റേ, ഇ.സി.ജി മുതലായ സേവനങ്ങൾ എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സർക്കാർ ആശുപത്രികളിലുണ്ടായ സംഘർഷത്തെ തുടർന്ന് മരണപ്പെട്ട രോഗികളുടെ എണ്ണം</u>

8098 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സർക്കാർ ആശുപത്രികളിലുണ്ടായ സംഘർഷത്തെത്തുടർന്നും അക്രമത്തിനു വിധേയമായും എത്ര രോഗികൾ മരണ പ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ ആശുപത്രികളിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഡി) ആശുപത്രികളിൽ കൊല്ലപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>എക്സ്-റേ സൗകര്യമില്ലാത്ത താലൂക്കാശുപത്രികൾ</u>

8099 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് എക്സ്-റേ സൗകര്യം ഇല്ലാത്ത എത്ര താലൂക്ക് ആശുപത്രികളാണ് ഉള്ളത്; വ്യക്തമാക്കാമോ;

(ബി) താമരശ്ശേരി താലൂക്ക് ആശുപത്രിയിൽ എക്സ്-റേ യൂണിറ്റുണ്ടെങ്കിലും ടെക്നീഷ്യൻ തസ്തിക ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നരിക്കുനി, കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ എക്സ്-റേ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഫാർമസി

8100 ശ്രീ. പുരുഷൻ കടലുണ്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഫ്രാഞ്ചൈസിയായി കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് ആശുപത്രി അധികാരികളുമായി ചർച്ച നടത്തിയിരുന്നോ;

(ബി) ഇതുപ്രകാരം കാരുണ്യ ഫാർമസി ആരംഭിക്കുന്നതിന് നിർദ്ദിഷ്ട സൗകര്യങ്ങളോടുകൂടിയ ഫാർമസി ഏർപ്പെടുത്താൻ നിർദ്ദേശിച്ചിരുന്നോ;

(സി) ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിക്ക് ഈയിനത്തിൽ എത്ര തുക ചെലവ് വന്നിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട ഫാർമസിസ്റ്റുകൾക്ക് പരിശീലനം നൽകിയിരുന്നോ;

(ഇ) ഫാർമസി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കരുനാഗപ്പള്ളിയിൽ കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിക്കാൻ നടപടി</u>

8101 ശ്രീ. സി. ദിവാകരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ പണി പൂർത്തീകരിച്ച കാരുണ്യ ഫാർമസിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ഫാർമസിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ആരോഗ്യവകുപ്പിന്റെ ആഭിമുഖ്യത്തിൽ ചടയമംഗലം നിയോജകമണ്ഡലത്തിലെ
വികസന പദ്ധതികൾ

8102 ശ്രീ. മുല്ലക്കര രത്നാകരൻ

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചടയമംഗലം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ വികസന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>തുറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ ഐ.പി. ബ്ലോക്ക്</u>

8103 ശ്രീ.എ. എം.ആരിഫ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ ഐ.പി ബ്ലോക്കിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്; ഈ പ്രവൃത്തി എന്നേയ്ക്ക് പൂർത്തിയാകും ;

(ബി) തുറവൂർ താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി എൻ.ആർ.എച്ച്.എം ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ അനുവദിച്ചു ; ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഞാറക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി

8104 ശ്രീ. എസ്. ശർമ്മ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് 5 കോടി രൂപയ്ക്ക് ഞാറക്കൽ സർക്കാർ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള പദ്ധതി സർക്കാരിന് മുന്നിൽ എത്തിയിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ;

(ബി) ചികിത്സായൂണിറ്റുകൾ, ലാബ്, എക്സ്റേ, ഇ.സി.ജി എന്നിവ പോലുള്ള വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തീരുമാനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിലെ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി

8105 ശ്രീ. മാത്യു റ്റി. തോമസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ദിവസേന എത്തിച്ചേരുന്ന രോഗികളുടെ അനുപാതത്തിനനുസരിച്ച് ഡോക്ടർമാരെയും മറ്റുജീവനക്കാരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പുതുതായി നിർമ്മിച്ച ഓപ്പറേഷൻ തിയേറ്ററിന്റെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) ഓപ്പറേഷൻ തിയേറ്ററിലേക്ക് ആവശ്യമായ സാമഗ്രികൾ എന്ന് ലഭ്യമാക്കുമെന്ന് വിശദമാക്കാമോ;

(ഡി) ദന്തഡോക്ടറെ നിയമിച്ചിട്ടും ഡെന്റൽ കെയർ അടക്കമുള്ള സൗകര്യങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കൃത്യമായ പരിശോധന നടക്കുന്നില്ല എന്നുള്ള പരാതി പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മുനമ്പം സർക്കാർ ആശുപത്രിയുടെ ഭാഗമായുള്ള ക്വാർട്ടേഴ്സുകൾ

8106 ശ്രീ.എസ്. ശർമ്മ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മുനമ്പം സർക്കാർ ആശുപത്രിയുടെ ഭാഗമായി, ഡോക്ടർമാർക്ക് വേണ്ടി നിർമ്മിച്ച ക്വാർട്ടേഴ്സുകൾ ഏത് ഫണ്ട് ഉപയോഗപ്പെടുത്തിയാണെന്നും എത്ര തുകയാണ് നിർമ്മാണച്ചെലവെന്നും ഏത് വർഷത്തിലാണ് നിർമ്മാണം പൂർത്തിയാക്കിയതെന്നും വ്യക്തമാക്കാമോ;

(ബി) ഈ ക്വാർട്ടേഴ്സുകൾ പൂർണ്ണമായും താമസയോഗ്യമാണോ; ഇല്ലെങ്കിൽ പോരായ്മകൾ വിശദീകരിക്കാമോ;

(സി) ഈ കെട്ടിടങ്ങൾ ഇപ്പോൾ ആരോഗ്യവകുപ്പിന്റെ ഉടമസ്ഥതയിലാണോ; അല്ലെങ്കിൽ വിശദീകരിക്കാമോ;

(ഡി) ഈ കെട്ടിടങ്ങളിൽ വൈദ്യുതി, കുടിവെള്ളം, എന്നിവ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്നും ഇതുവരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

8107 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ജനസാന്ദ്രത കൂടിയ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ഏക ആതുരാലയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒരു സി.എച്.സി.ക്ക് നിലവിലുള്ള ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(സി) താനൂർ സി.എച്ച്.സി. യിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ;

(ഡി) പാവപ്പെട്ട ജനവിഭാഗങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നിവയ്ക്ക് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുമെന്ന ഉറപ്പ് പാലിക്കപ്പെട്ടിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സി.എച്ച്.സി.ക്കനുസൃതമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സ്റ്റാഫ് പാറ്റേൺ താനൂർ സി.എച്ച്.സി.ക്ക് അനുവദിച്ച് നൽകുവാൻ നടപടിയുണ്ടാകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കണ്ണൂർ പി.എച്ച്.സി.യിൽ രോഗികൾക്ക് കിടത്തി ചികിത്സ</u>

8108 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) എൻഡോസൾഫാൻ ബാധിത പ്രദേശമായ കയ്യൂർ-ചീമേനി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കയ്യൂർ പി.എച്ച്.സി. യിൽ രോഗികൾക്ക് കിടത്തി ചികിത്സ നൽകുന്നതിന് വല്ല നിർദ്ദേശങ്ങളും നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇവിടെ എപ്പോൾ ഐ.പി. സംവിധാനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>തിരുവള്ളൂർ സി.എച്ച്.സി</u>

8109 ശ്രീമതി കെ. കെ. ലതിക

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കോഴിക്കോട് തിരുവള്ളൂർ സി.എച്ച്.സി.യിൽ ഡോക്ടർമാരുടെ ഉൾപ്പെടെ ഏതൊക്കെ തസ്തികകളാണ് ഉള്ളത് എന്നും ഓരോ തസ്തികയിലെയും ഒഴിവുകൾ ഏത്രയുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സി.എച്ച്.സി. യിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റേതെങ്കിലും ആശുപത്രികളിൽ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സി.എച്ച്.സി. യിലെ ഏതെങ്കിലും തസ്തിക ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

തലശ്ശേരി മണ്ഡലത്തിലെ ജനറൽ ആശുപത്രിയിലും പി.എച്ച്.സി.കളിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക

8110 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തലശ്ശേരി മണ്ഡലത്തിലെ ജനറൽ ആശുപത്രിയിലും പി.എച്ച്.സി.കളിലും നിലവിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര തസ്തികകളുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ ഓരോ ആശുപത്രികളിലും എത്ര ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും നിലവിൽ സേവനമനുഷ്ഠിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയില്ലാത്ത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ</u>

8111 ശ്രീ. സി. ദിവാകരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരളത്തിലെ ഏതെല്ലാം പി.എച്ച്.സി ഹെൽത്ത്കളിലാണ് ഇൻസ്പെക്ടർ തസ്തിക നിലവിൽ ഇല്ലാത്തത്; ഇവിടങ്ങളിൽ തസ്തിക സൃഷ്ടിക്കാനുള്ള തടസമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി ആരംഭിച്ച സി.എച്ച്.സി കളിൽ ഹെൽത്ത് സൂപ്പർവൈസർ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>അങ്കമാലി താലൂക്ക് ആശുപത്രിയിലും കാലടി സാമൂഹികാരോഗ്യ കേന്ദ്രത്തിലും അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ</u>

8112 ശ്രീ. ജോസ് തെറ്റയിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) അങ്കമാലി താലൂക്ക് ആശുപത്രിയിലും കാലടി സാമൂഹികാരോഗ്യ കേന്ദ്രത്തിലും അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുമോ;

(ബി) നിലവിൽ ഈ ആശുപത്രികളിൽ ഉള്ള സ്റ്റാഫുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഡോക്ടർമാരുടെയും സ്റ്റാഫുകളുടെയും കുറവുമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

അസിസ്റ്റന്റ് സർജൻമാരുടെ ജില്ല തിരിച്ചുള്ള കണക്ക്

8113 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആരോഗ്യവകുപ്പിന് കീഴിൽ അസിസ്റ്റന്റ് സർജൻമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിനായി ഏതെല്ലാം ജില്ലകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടെന്ന് അറിയിക്കുമോ ;

(സി) ഈ ലിസ്റ്റുകളിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ഡി) അസിസ്റ്റന്റ് സർജൻ തസ്തികയിലേക്ക് 2014 വർഷം അവസാനിക്കുമ്പോൾ എത്ര ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡെന്റൽ സർജൻമാരുടെ നിയമനം

8114 ശ്രീ. റ്റി.വി. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും നിലവിലുണ്ട്;

(ബി) സംസ്ഥാനത്ത് ഡെന്റൽ സർജന്മാരുടെ എത്ര തസ്തികളാണ് നിലവിലുള്ളത്;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും ഡെന്റൽ സർജന്മാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നും എത്ര ഡെന്റൽ സർജന്മാരെ നിയമിച്ചിട്ടുണ്ട്;നിലവിലുള്ള ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ഡോക്ടർമാരുടെ തസ്തികകൾ</u>

8115 ശ്രീ. എസ്. ശർമ്മ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ഡോക്ടർമാരുടെ തസ്തികകൾ എത്ര വീതമെന്നും നിലവിൽ എത്ര വീതം ഒഴിഞ്ഞു കിടക്കുന്നുവെന്നും പി.എച്ച്.സി., സി.എച്ച്.സി, സർക്കാർ ആശുപത്രികൾ തിരിച്ച് വിശദമാക്കാമോ;

(ബി) ഡോക്ടർമാരെ സ്ഥലം മാറ്റിയത് മൂലം കിടത്തി ചികിത്സയുള്ള കേന്ദ്രങ്ങൾ പ്രവർത്തനരഹിതമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) കിടത്തി ചികിത്സയുള്ള കേന്ദ്രങ്ങളിലെ ഡോക്ടർമാർ സ്ഥലം മാറ്റം വാങ്ങി പോകുമ്പോൾ പകരം സംവിധാനം ഏർപ്പെടുത്തുന്നതിനും പുതിയ ആൾ ചുമതല ഏറ്റെടുക്കുന്നതുവരെ നിലവിലുള്ളയാളെ നിലനിർത്തുന്നതിനുമുള്ള ഉത്തരവാദിത്വം ആർക്കാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

തിരുവല്ല താലൂക്ക് ആശുപത്രിയിൽ വിവിധ ഡോക്ടർമാരുടെ ഒഴിവുകൾ

8116 ശ്രീ. മാത്യു റ്റി. തോമസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തിരുവല്ല താലൂക്ക് ആശുപത്രിയിൽ സർജൻ, ഓർത്തോപീഡിക്സ്, പീഡിയാട്രിക് എന്നീ വിഭാഗങ്ങളിൽ ഡോക്ടർമാരെ നിയമിച്ചിട്ടില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി ആളുകൾ ചികിത്സക്കായി എത്തിച്ചേരുന്ന ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി ഡോക്ടർമാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ</u>

8117 ശ്രീ. ഇ. ചന്ദ്രശേഖരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കാസർകോട് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

കോഴിക്കോട് മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ഒഴിവുകൾ

8118 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാർ, നഴ്സുമാർ, മറ്റ് പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുടെ എത്ര ഒഴിവുകൾ വീതമുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>എറണാകുളം ജില്ലയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് '2' മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ്</u>

8119 ശ്രീ. സാജു പോൾ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) എറണാകുളം ജില്ലയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് '2' മാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്; വിശദമാക്കുമോ;

(ബി) എറണാകുളം ജില്ലയിൽ സ്റ്റാഫ് നേഴ്സ് ഗ്രേഡ് '2' മാരുടെ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ്; അതുവഴി എത്ര ഒഴിവുകൾ കണക്കാക്കപ്പെട്ടിട്ടുണ്ട്;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര നിയമനം നടന്നെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് തസ്തിക</u>

8120 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പൊന്നാനി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് (ഫിസിഷ്യൻ) തസ്തിക എത്രകാലമായി ഒഴിഞ്ഞുകിടക്കുന്നു എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന ഡോക്ടർ ഏത് തരത്തിലുള്ള ലീവ് ആണ് എടുത്തിട്ടുള്ളത്;

(സി) ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; ഇല്ലെങ്കിൽ സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ തീയതി വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ ആളെ നിയമിക്കുന്നതിന് നിയമതടസ്സമുണ്ടോ;

(ഇ) ഇല്ലായെങ്കിൽ അടിയന്തരമായി ആളെ നിയമിക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിലവിലുള്ള ഫയലുകളും ജീവനക്കാരും</u>

8121 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ നിലവിൽ എത്ര ഫയലുകൾ ഉണ്ടെന്നും ഈ ഫയലുകൾ കൈകാര്യം ചെയ്യാൻ എത്ര ജീവനക്കാർ ഉണ്ടെന്നും വ്യക്തമാക്കാമോ ;

(ബി) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ഉൾപ്പെടെയുള്ള അപേക്ഷകളിൽ ഡി.എച്ച്.എസ് ജീവനക്കാരുടെ ക്ലയിമുകൾ തീർപ്പാക്കുന്നതിനും മറ്റ് ഓഫീസുകളിൽ നിന്നും വരുന്ന ക്ലെയിമുകളിൽ തീർപ്പ് കല്പിക്കുന്നതിനും എത്ര ദിവസത്തെ കാലതാമസം ഉണ്ടാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

പാലിയേറ്റീവ്  കെയർ  നഴ്സുമാർക്ക് നൽകി വരുന്ന വേതനം

8122 ശ്രീ. എസ്. ശർമ്മ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പാലിയേറ്റീവ്  കെയർ നൽകുന്നതിനായി സേവനമനുഷ്ഠിക്കുന്ന നഴ്സുമാർക്ക് നൽകി വരുന്ന വേതനം എത്രയെന്നും ഏത് ഫണ്ട് ഉയോഗപ്പെടുത്തിയെന്നും വ്യക്തമാക്കാമോ;

(ബി) വളരെകാലമായി സേവനം അനുഷ്ഠിച്ചുവരുന്ന ഇവരെ പിരിച്ചുവിടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ എന്തു കൊണ്ടെന്നും എത്ര പേർക്കെതിരെ ഇത്തരത്തിൽ നടപടിയെടുത്തുവെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ പെൻഷൻ പ്രായം

8123 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ പെൻഷൻപ്രായം ഉയർത്തിയിട്ടുണ്ടോ;

(ബി) പെൻഷൻ പ്രായം ഉയർത്തിയ തസ്തിക ഏതൊക്കെ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗം</u>

8124 ശ്രീ. കെ. ശിവദാസൻ നായർ
" സി. പി. മുഹമ്മദ്
" റ്റി. എൻ. പ്രതാപൻ
" ജോസഫ് വാഴക്കൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും ആധുനിക ഉപകരണങ്ങളുമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മെഡിക്കൽ കോളേജുകളിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ

8125 ശ്രീ. ജോസഫ് വാഴക്കൻ
" ഐ. സി. ബാലകൃഷ്ണൻ
" ആർ. സെൽവരാജ്
" ഷാഫി പറമ്പിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) മെഡിക്കൽകോളേജുകളിൽ ഇൻഫർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) പദ്ധതി നടപ്പിലാക്കാൻ വേണ്ടിയിരുന്ന തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

8126 ശ്രീ. സി. കെ. നാണു
ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യൂ റ്റി. തോമസ്
,, ജോസ് തെറ്റയിൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ) കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഈ വർഷത്തെ അഡ്മിഷൻ പൂർത്തിയായിട്ടുണ്ടോ;

(ബി ) സർക്കാരുമായി ധാരണയിൽ എത്താതെ എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകളാണ് സ്വന്തമായി പ്രവേശനം നടത്തിവരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി ) അപ്രകാരം പ്രവേശനം പൂർത്തീകരിച്ചാൽ സംസ്ഥാനത്ത് എത്ര ഗവൺമെന്റ് മെറിറ്റ് സീറ്റുകളാണ് നഷ്ടപ്പെടുന്നത്?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>എ.ഐ.എം.എസ്. സ്ഥാപിക്കുന്നതിന് നടപടി</u>

8127 ശ്രീ. വി. ഡി. സതീശൻ
" കെ.ശിവദാസൻ നായർ
" എം. എ. വാഹീദ്
" ഹൈബി ഈഡൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് എ.ഐ.എം.എസ്. സ്ഥാപിക്കുന്നത് വഴി എന്തെല്ലാം ഗുണങ്ങളും നേട്ടങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇത് സ്ഥാപിക്കുന്നതിന് സംസ്ഥാന ഗവണ്മെന്റ് എന്തെല്ലാം കാര്യങ്ങളും സൗകര്യങ്ങളുമാണ് ഒരുക്കേണ്ടത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഉപേയോഗ കാലാവധി കഴിഞ്ഞ മരുന്നുകൾ

8128 ശ്രീ. കെ.എൻ.എ.ഖാദർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ ) മെഡിക്കൽ സ്റ്റോറുകളിലും ഫാർമസികളിലും കാലാവധി കഴിഞ്ഞ മരുന്നുകളുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം മരുന്നുകളെ ബയോമെഡിക്കൽ വേയ്സ്റ്റ് ആയി കണക്കാക്കി ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ഏതെങ്കിലും സർക്കാർ ആശുപത്രികളിൽ കാലാവധി കഴിഞ്ഞ മരുന്നുകളുടെ സാന്നിദ്ധ്യം കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കുന്നതിന് എല്ലാ സർക്കാർ ഫാർമസികളും സ്റ്റോറുകളും കമ്പ്യൂട്ടർവത്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉപയോഗ കാലാവധി കുറഞ്ഞ മരുന്നുകൾ സർക്കാർ ആശുപത്രികൾക്ക് വിതരണം ചെയ്യപ്പെടുന്നത് കാരണം മരുന്നുകൾ അതിവേഗം കാലഹരണപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ഇ ) കാലഹരണപ്പെടുന്ന മരുന്നുകൾ ഉടൻ തന്നെ വിതരണക്കാർ തിരിച്ചെടുക്കണമെന്ന് എല്ലാ ദർഘാസുകളിലും വ്യവസ്ഥ ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കൃത്രിമ മരുന്നുക്ഷാമം</u>

8129 ശ്രീമതി കെ.എസ്. സലീഖ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) അവശ്യമരുന്നുകൾക്ക് സംസ്ഥാനത്തു ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ പ്രസ്തുത കൃത്രിമ മരുന്നുക്ഷാമം ഉണ്ടായതിനു കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ബി) പനി മരുന്നുകളിൽ ഗ്ലാക്സോ പോലുള്ള ചില കമ്പനികളുടെ മരുന്നുകൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തത് പരിശോധിച്ചുവോ;

(സി) സൈക്യാട്രി മരുന്നുകൾ ഏറ്റവും കൂടുതൽ ഉല്പാദിപ്പിക്കുന്ന "സൺഫാർമ" യുടെ മരുന്ന് സംസ്ഥാനത്ത് ലഭ്യമല്ല എന്നതു പരിശോധിച്ചുവോ; വിശദമാക്കുമോ;

(ഡി) അമിത വികൃതിക്കാരായ കുട്ടികളുടെ മരുന്നായ "അറ്റോർമോക്സെറ്റിൻ" എന്ന മരുന്ന് കഴിഞ്ഞ കുറെ മാസങ്ങളായി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) പ്രമേഹരോഗത്തിനുള്ള മരുന്നുകളും, കാർഡിയോളജി, കാൻസർ, ന്യൂറോ മരുന്നുകളും ഉൾപ്പെടെ സംസ്ഥാനത്ത് കൃത്രിമ മരുന്നുക്ഷാമം മരുന്നുകമ്പനികൾ വരുത്തിയിട്ടുള്ളത് മരുന്നുവില കൂട്ടാനാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടുവോ;

(എഫ്) എങ്കിൽ ഇതു തടയുവാൻ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു എന്നും തുടർനടപടികൾ എന്താണ് എന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സംസ്ഥാന വെയർ ഹൗസുകളിൽ സ്റ്റോക്കുള്ള മരുന്നുകൾ</u>

8130 ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാന വെയർ ഹൗസുകളിൽ ആകെ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്പോൾ സ്റ്റോക്കുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വെയർ ഹൗസുകളിൽ കെട്ടിക്കിടന്ന് മരുന്നുകൾ നശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ മരുന്നുകൾ ഇപ്രകാരം നശിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) എത്ര രൂപയ്ക്കുള്ള കാലാവധി കഴിഞ്ഞ മരുന്നുകൾ ഇപ്പോൾ വെയർഹൗസുകളിൽ ഇരിപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ആശുപത്രികളിൽ നിന്നും നൽകുന്ന ഇൻറൻഡ് അനുസരിച്ച് മരുന്നുകൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻെറ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വ്യാജവും കാലാവധി കഴിഞ്ഞതുമായ മരുന്നുകളുടെ വിൽപന തടയുന്നതിനുള്ള പരിശോധന

8131 ശ്രീ. രാജു എബ്രഹാം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) വ്യാജ മരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും മെഡിക്കൽ സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ വ്യാജമരുന്നുകളും കാലാവധി കഴിഞ്ഞ മരുന്നുകളും വിതരണം ചെയ്തതിന് എത്ര മെഡിക്കൽ സ്റ്റോറുകൾക്കെതിരെ നടപടി എടുത്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(സി) വ്യാജ മരുന്നുകൾ അന്യസംസ്ഥാനത്തുനിന്നും എത്തുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മെഡിക്കൽ സ്റ്റോറുകളിൽ വ്യാജമരുന്നും കാലാവധി കഴിഞ്ഞ മരുന്നും വിൽക്കുന്നുണ്ടോയെന്ന പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(ഇ) ഇത്തരം മരുന്നുകളുടെ വിൽപ്പന തടയാൻ മെഡിക്കൽ സ്റ്റോർ കേന്ദ്രീകരിച്ച് പരിശോധന നടത്താറുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

സേഫ് റ്റു ഈറ്റ് പദ്ധതി പ്രകാരമുള്ള പരിശോധന

8132 ശ്രീ. പി. കെ. ബഷീർ

,, എം. ഉമ്മർ

,, സി. മോയിൻകുട്ടി

,, പി. ബി. അബ്ദുൾ റസാക്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ചേർന്ന് സേഫ് റ്റു ഈറ്റ് പദ്ധതി പ്രകാരം നടത്തിയ പരിശോധനയിൽ 17 ഇനം പച്ചക്കറികളിൽ അപകടകരമായ തോതിൽ വിഷാംശം ഉള്ളതായി കണ്ടെത്തിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രശ്നത്തിൽ ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് തുടർ പരിശോധന നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുടർ പരിശോധനയ്ക്ക് നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന</u>

8133

ശ്രീ. എൻ. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പായ്ക്ക് ചെയ്ത ഭക്ഷ്യവസ്തുക്കളിൽ കൂടിയ അളവിൽ കീടനാശിനികൾ കലർന്നിട്ടുള്ളതായി ലാബ് പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ ഫലപ്രദമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബ്രാന്റഡും അല്ലാത്തതുമായ ഇത്തരം ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും സുരക്ഷിതത്വവും ഉല്പാദനകേന്ദ്രങ്ങളിൽവച്ചുതന്നെ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഭക്ഷ്യസുരക്ഷാപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കർമ്മപദ്ധതികൾ</u>

T8134 ശ്രീ. എസ്. ശർമ്മ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് നിയോഗിച്ചിട്ടുള്ള ആകെ ഉദ്യോഗസ്ഥർ എത്രയെന്നും ഏതെല്ലാം തസ്തികകളിലെന്നും വ്യക്തമാക്കാമോ;

(ബി) മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പാക്കുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം പര്യാപ്തമാണോ; ഇല്ലെങ്കിൽ തസ്തികകൾ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) എഫ്.എസ്.ഒ. തസ്തികയിലുള്ളവരുടെ അധികാരപരിധിയിൽ എത്ര പഞ്ചായത്തുകൾ/നിയോജകമണ്ഡലം ഉൾപ്പെടുന്നുവെന്നും ചുമതലകളെ ന്തെന്നും വിശദീകരിക്കുമോ;

(ഡി) ആരോഗ്യവകുപ്പിലെ സയൻസ് ബിരുദധാരികളായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ എഫ്.എസ്.ഒ. മാരായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ ഗുണനിലവാരം</u>

8135 ശ്രീ. രാജു എബ്രഹാം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടറിന്റെ ഗുണനിലവാരം പരിശോധിച്ച് സർട്ടിഫൈ ചെയ്യാൻ ആർക്കാണ് ചുമതല നൽകിയിട്ടുള്ളത്;

(ബി) ഫാക്ടറികൾ പരിശോധിക്കാനും ഗുണനിലവാരം ഉറപ്പാക്കാനും പ്രസ്തുത ഉദ്യോഗസ്ഥർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(സി) ഗുണനിലവാരം ഇല്ലാത്തതിന്റെ പേരിൽ എത്ര കമ്പനികൾക്കെതിരെയാണ് കേസെടുത്തിട്ടുള്ളത്; ഏതൊക്കെ എന്ന ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഗ്രാമീണ മേഖലയിൽ ഉൾപ്പെടെ കുടിവെള്ള ഉദ്പാദന രംഗത്തു പ്രവർത്തിക്കുന്ന മുഴുവൻ കമ്പനികളും ഗുണനിലവാരമുള്ള ഉല്പന്നങ്ങളാണ് നൽകുന്നത് എന്ന് ഉറപ്പാക്കാനും ഇവയുടെ ഗുണനിലവാരം ജനങ്ങളെ ബോധ്യപ്പെടുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഹോട്ടലുകളിലെ ഭക്ഷ്യസാധന പരിശോധന</u>

8136 ശ്രീ. റ്റി.വി. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷ്യസാധനങ്ങൾ പിടിച്ചിട്ടുണ്ട്; എത്ര ഹോട്ടലുകൾ പൂട്ടിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ഒരിടവേളക്ക ശേഷം പരിശോധന മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭക്ഷ്യ സുരക്ഷാ വിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ടോൾ ഫ്രീ നമ്പരിലൂടെ ഭക്ഷ്യസുരക്ഷാ വകുപ്പിലേയ്ക്ക് പ്രതിദിനം ലഭിക്കുന്ന പരാതികൾ

8137 ശ്രീ. വി.എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി.എസ്. ജയലാൽ
,, വി. ശശി

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ടോൾ ഫ്രീ നമ്പരിലൂടെ ഭക്ഷ്യസുരക്ഷാ വകുപ്പിലേയ്ക്ക് പ്രതിദിനം നിരവധി പരാതികൾ ലഭിക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പരാതികളിന്മേൽ യഥാസമയം നടപടികളുണ്ടാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മായം ചേർത്ത വെളിച്ചെണ്ണ

8138 ശ്രീ. സാജു പോൾ
,, കെ.വി. വിജയദാസ്
,, ബി. സത്യൻ
,, ബി.ഡി. ദേവസ്സി

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

പാരഫിൻ, വാക്സ് തുടങ്ങിയ വസ്തുക്കൾ ചേർന്ന ഭക്ഷ്യ എണ്ണ ക്യാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമായേക്കാമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വിഷാംശം വലിച്ചെടുക്കുന്ന ഔഷധക്കൂട്ട്

8139 ശ്രീ. എ. കെ. ശശീന്ദ്രൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പഴങ്ങൾ, പച്ചക്കറി, ധാന്യങ്ങൾ എന്നിവയിലെ വിഷാംശം വലിച്ചെടുക്കുന്നതിനായി കാസർഗോഡ് സ്വദേശിയായ ഡോ. കെ. മോഹനൻ നീണ്ട ഗവേഷണത്തിനൊടുവിൽ ഔഷധക്കൂട്ട് വികസിപ്പിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മാരകമായ കീടനാശിനികളും രാസവളങ്ങളും പ്രയോഗിക്കുന്നത് മൂലം പച്ചക്കറികളിലും പഴങ്ങളിലും ധാന്യങ്ങളിലും അടിഞ്ഞുകൂടുന്ന വിഷം പൂർണ്ണമായി വലിച്ചെടുക്കാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇന്ത്യയിലെ ലബോറട്ടറികളിലെ പരിശോധനയ്ക്ക് ശേഷം അമേരിക്കൻ പേറ്റന്റ് കമ്പനിയായ മാക്സ് വെൽ ഐ.പി. യിൽ നിന്നും ഇന്ത്യൻ പ്രൊവിഷണൽ പേറ്റന്റും ലോകരാജ്യങ്ങളിൽ ഔഷധം നിർമ്മിച്ച് വിതരണം ചെയ്യാനുള്ള പി.സി.ടി. അംഗീകാരവും ലഭിച്ചതിനാൽ കേരളത്തിലെ കാർഷിക രംഗത്ത് പ്രസ്തുത ഔഷധം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) തമിഴ് നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും ലഭിക്കുന്ന പച്ചക്കറികളിലെ വിഷാംശം മാറ്റുന്നതിനായി ഇത് വ്യാപകമായി ഉപയോഗിക്കാനായി നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഡി.എച്ച്.എസിൽ മരുന്ന് കത്തിച്ച സംഭവം

8140

ശ്രീമതി കെ. എസ്. സലീഖ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:**

(എ) ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ മരുന്നുകൾ കൂട്ടിയിട്ട് കത്തിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലക്ഷങ്ങൾ വിലവരുന്ന ജീവൻരക്ഷാമരുന്നുകൾ തീയിട്ട് നശിപ്പിച്ചത് എന്തുകൊണ്ടെന്നും ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഇതിനായി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ അനുമതിയോ നിരീക്ഷണമോ ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) എന്തുവില വരുന്ന മരുന്നുകളാണ് കത്തിച്ചതെന്നും ഇത്രയധികം മരുന്നുകൾ ഉപയോഗശൂന്യമായതിന്റെ കാരണവും വ്യക്തമാക്കുമോ;

(എഫ്) ഈ വിവരമറിഞ്ഞ് അവിടെയെത്തിയ ജനപ്രതിനിധികൾ ആരെല്ലാമെന്നും അവരെ തടഞ്ഞ ഉദ്യോഗസ്ഥർ ആരെല്ലാമെന്നും തടഞ്ഞതിനു കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(ജി) ഈ സംഭവത്തിൽ ഉന്നതതല അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി സർക്കാരിനുണ്ടായ ലക്ഷങ്ങളുടെ നഷ്ടം അവരിൽ നിന്നും ഈടാക്കാനും ഇത്തരം പ്രവൃത്തികൾ മേലിൽ ഉണ്ടാകാതിരിക്കാനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സർക്കാർ സീറ്റുകൾ</u>

T8141 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഈ വർഷത്തെ പ്രവേശനവുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷത്തേതുപോലെ തന്നെയാണോ ഈ വർഷവും പ്രവേശനം നടക്കുകയെന്ന് അറിയിക്കുമോ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എത്ര സീറ്റാണ് സർക്കാരിന് മെറിറ്റ് അടിസ്ഥാനത്തിൽ അഡ്മിഷൻ നടത്താനായി ലഭിക്കുന്നത്;

(ഡി) ഈ വർഷത്തെ സർക്കാർ മെറിറ്റ് സീറ്റുകളിലേക്ക് കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ എത്ര സീറ്റുകളിലേക്കാണ് പ്രവേശനം നടത്തിയിട്ടുള്ളത്; ഇത് മെഡിക്കൽ പ്രവേശനത്തെ ആകെ ബാധിക്കുമോ എന്നറിയിക്കുമോ;

(എഫ്) ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിക്കാൻ കഴിയുകയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറൽ മാനേജർ അമിതാഭായിയുടെ വിദ്യാഭ്യാസ യോഗ്യതകൾ

8142 ശ്രീ. കെ. കെ. നാരായണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ജനറൽ മാനേജർ അമിതാഭായിയുടെ വിദ്യാഭ്യാസ യോഗ്യതകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ ലഭ്യമാക്കാമോ;

(സി) ഇവരെ ഈ തസ്തികയിൽ നിയമിക്കുന്നതിനെതിരെ ധനവകുപ്പ് എതിർപ്പ് രേഖപ്പെടുത്തിയിരുന്നോ;

(ഡി) രേഖപ്പെടുത്തിയിരുന്നു എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ധനവകുപ്പിന്റെ എതിർപ്പ് മറികടന്ന് ഇവരെ ഈ തസ്തികയിൽ തുടരാൻ അനുവദിക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇതിന് ഉത്തരവ് നൽകിയത് ആരാണെന്നും ഇതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>പാരാമെഡിക്കൽ ജീവനക്കാരുടെ പ്രശ്നങ്ങൾ</u>

8143 ശ്രീ. റ്റി. എൻ. പ്രതാപൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്തെ ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും പാരാമെഡിക്കൽ രംഗത്തേയും പ്രശ്നങ്ങൾ പഠിച്ച് പരിഹാരം കാണുന്നതിന് ഒരു കമ്മീഷനെ നിയമിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ കോമ്പൻസേറ്ററി അവധി, ആശുപത്രി വനിതാ ജീവനക്കാരുടെ യൂണിഫോം, ഡി.എം.ഇ.യിലെ ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസിന്റെ പൂർത്തികരണം സംസ്ഥാനത്ത് ഒരു ലബോറട്ടറി കൗൺസിൽ രൂപീകരണം എന്നീ കാര്യങ്ങൾ കമ്മീഷന്റെ പഠന വിഷയത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>തരൂർ മണ്ഡലത്തിലെ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് കെട്ടിടനിർമ്മാണം</u>

8144 ശ്രീ. എ. കെ. ബാലൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തരൂർ മണ്ഡലത്തിലെ പഴമ്പാലക്കോട് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിട നിർമ്മാണ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(ബി) കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം ഗ്രാമപഞ്ചായത്ത് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(സി) കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയത് ഏത് ഏജൻസിയാണ്; വിശദാംശങ്ങൾ നല്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>സമ്പൂർണ്ണ ആയുർവേദ സംസ്ഥാനമാക്കാൻ നടപടി</u>

8145 ശ്രീ. ആർ. സെൽവരാജ്
" പി. എ. മാധവൻ
" എം. പി. വിൻസെന്റ്
" ലൂഡി ലൂയിസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേരളത്തെ സമ്പൂർണ്ണ ആയുർവേദ സംസ്ഥാനമാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പരിധിയിൽ ആയുർവേദ ചികിത്സക്ക് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഈ ലക്ഷ്യം കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ഗവൺമെൻറ് ആയുർവേദ ആശുപത്രി</u>

8146 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

കാസർഗോഡ് ഗവൺമെൻറ് ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുമ്പോൾ എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; കൂടുതൽ സ്റ്റാഫിനെ നിയമിക്കുമോ; നിലവിലുള്ള ഡോക്ടർമാർക്കും ജീവനക്കാർക്കും പ്രൊമോഷൻ നൽകുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഇരിണാവ് ആയുർവേദ ആശുപത്രി വികസനം</u>

8147 ശ്രീ. റ്റി.വി. രാജേഷ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കണ്ണൂർ ജില്ലയിലെ ഇരിണാവ് ആയുർവേദ ആശുപത്രിയിൽ ഇപ്പോൾ എത്ര തസ്തികകളാണ് നിലവിലുള്ളത് ; എത്ര ഒഴിവുകൾ നിലവിലുണ്ട് ; കിടത്തി ചികിത്സ ആരംഭിച്ച പ്രസ്തുത ആശുപത്രിയിൽ കൂടുതൽ തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര ആയുർവ്വേദ കേന്ദ്രത്തിന് സബ്സെന്റർ</u>

8148 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തിരുവനന്തപുരം ജില്ലയിൽ എല്ലാ താലൂക്ക് കേന്ദ്രങ്ങളിലും ആയുർവ്വേദ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) ആയുർവ്വേദ സെന്ററുകൾക്ക് താലൂക്കിലെ മറ്റു സ്ഥലങ്ങളിൽ സബ്സെന്ററുകൾ അനുവദിക്കാറുണ്ടോ ;

(സി) ഇത്തരത്തിൽ എത്ര സബ്സെന്ററുകൾ ജില്ലയിലാകെ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) നെയ്യാറ്റിൻകര ആയുർവ്വേദ കേന്ദ്രത്തിന് സബ്സെന്റർ അനുവദിക്കണമെന്ന നഗരസഭയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ എവിടെ സബ്സെന്റർ സ്ഥാപിക്കണമെന്നാണ് നഗരസഭ ആവശ്യപ്പെട്ടിട്ടുള്ളത് ; ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് പുന്നയ്ക്കാട് പ്രദേശത്തെ നാട്ടുകാരുടെ നിവേദനം ലഭിച്ചിട്ടുണ്ടോ ; പ്രസ്തുത നിവേദനത്തിലെ ആവശ്യം എന്തായിരുന്നുവെന്ന് അറിയിക്കുമോ ; ആവശ്യത്തിന്മേൽ നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ ഒഴിവുകൾ

8149 ശ്രീ. സി. കൃഷ്ണൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഭാരതീയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റുമാരുടെ എത്ര ഒഴിവുകളുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങളിൽ ഒഴിവുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ പി. എസ്. സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; വിശദമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ആയുഷ് ഹോളിസ്റ്റിക് സെന്റർ</u>

8150 ശ്രീ. പാലോട് രവി
,, സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആയുഷ് ഹോളിസ്റ്റിക് സെന്ററിന്റെ പ്രവർത്തനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ചികിത്സാരീതികളാണ് ഹോളിസ്റ്റിക് സെന്റർ വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) സെന്ററിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

വിനോബാനികേതൻ ആശുപത്രി സംരക്ഷിക്കാൻ നടപടി

8151 ശ്രീമതി കെ. എസ്. സലീഖ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) കേന്ദ്രആരോഗ്യ മന്ത്രാലയത്തിന് കീഴിൽ വരുന്ന തിരുവനന്തപുരം ജില്ലയിലുള്ള വീനോബാനികേതനിലെ ആയുഷ് ആശുപത്രി പൂട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിനോബാനികേതനിലെ ആയുഷ് ആശുപത്രി നിലനിറുത്താൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(സി) നിലവിലെ ആയുഷ് കേന്ദ്രം സംരക്ഷിക്കുന്നതോടൊപ്പം മറ്റു ജില്ലകളിലും ഇത്തരത്തിലുള്ള ആയുഷ്കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കേന്ദ്ര അനുമതി ലഭിക്കാതെ വന്നാൽ നിലവിലെ അയുഷ്കേന്ദ്രങ്ങൾ ആരോഗ്യവകുപ്പ് ഏറ്റെടുത്തു നടത്തുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ</u>

8152 ശ്രീ. പി. ഉബൈദുള്ള

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

( എ ) ആയൂർവേദ, ഹോമിയോപ്പതി, യോഗ, പ്രകൃതി ചികിത്സാ സമ്പ്രദായങ്ങൾ എകോപിപ്പിച്ചു കൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ബി ) എങ്കിൽ എവിടെയെല്ലാമാണ് ഇത്തരം കേന്ദ്രങ്ങൾ നിലവിലുള്ളതെന്നും ഇതുവഴി നൽകിവരുന്ന ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമെന്നും വിശദീകരിക്കാമോ;

(സി ) മലപ്പുറം ജില്ലയിൽ ഇത്തരം കേന്ദ്രങ്ങൾ നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാം; ജില്ലയിലെ ഓരോ മണ്ഡലത്തിലും ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

നാച്ചുറോപ്പതിയും യോഗിക് സയൻസും

8153 ശ്രീ. പുരുഷൻ കടലുണ്ടി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) നാച്ചുറോപ്പതിയും യോഗിക് സയൻസും ശാസ്ത്രീയ ചികിത്സാ രീതിയായി അംഗീകരിച്ചുകൊണ്ട് കേരളത്തിൽ എത്ര സർക്കാർ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇവിടെ എത്ര ഡോക്ടർമാരും അനുബന്ധ തസ്തികകളുമുണ്ട് ;

(സി) താരതമ്യേന ചെലവ് കുറഞ്ഞതും പാർശ്വഫലങ്ങൾ ഇല്ലാത്തതെന്ന് വിശേഷിപ്പിക്കുന്നതുമായ പ്രസ്തുത ചികിത്സാരീതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി കൈക്കൊണ്ടനടപടികൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ക്ഷേത്ര ഉപദേശക സമിതി രൂപീകരണം

8154 ശ്രീ. സി. കെ. സദാശിവൻ

**താഴെ കാണുന്ന ചോദ്യത്തിന്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ ഉപദേശക സമിതി രൂപീകരണവുമായി ബന്ധപ്പെട്ട പുതിയ നിയമാവലിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമനത്തിന് സംവരണതത്വം</u>

8155 ശ്രീ. ബി. സത്യൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് 2010 ജനുവരി മുതൽ ഇതുവരെ എത്ര സ്ഥിരനിയമനം നടത്തിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമനത്തിൽ പട്ടികജാതി- പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രപേർ ഉണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(സി) ദേവസ്വം ബോർഡ് നിയമനത്തിന് സംവരണതത്വം പാലിക്കാറുണ്ടോ; എങ്കിൽ സംവരണാനുകൂല്യം ശതമാനത്തിൽ വ്യക്തമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ വികസന പ്രവർത്തനങ്ങൾ

8156 ശ്രീ. സി. കെ. സദാശിവൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) പ്രശസ്തമായ ചെട്ടിക്കുളങ്ങര ക്ഷേത്രത്തിൽ ദേവസ്വം ബോർഡ് പുതുതായി എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട തുക

T8157 ശ്രീ. പി. റ്റി. എ. റഹീം

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഭരണഘടനയുടെ അനുച്ഛേദം 290 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട നിശ്ചിത തുക തന്നെയാണോ ഇപ്പോൾ നൽകിവരുന്നത് ;

(ബി) പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ആലപ്പുഴ മെഡിക്കൽ കോളേജ് നഴ്സുമാരുടെ പ്രൊബേഷൻ</u>

8158 ശ്രീ. ജി. എസ്. ജയലാൽ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ 2011-ൽ സ്റ്റാഫ് നഴ്സ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എത്ര ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്ത് നൽകുവാനുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരുടെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ്, പി.എസ്.സി. വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് എന്നിവ ബന്ധപ്പെട്ടവരിൽ നിന്ന് ലഭ്യമാക്കുവാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) ഈ വിഭാഗം ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ളയർ ചെയ്യാനുള്ള നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

<u>ഗുരുവായൂരിലെ ഒരുമനയൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി</u>

8159 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഒരുമനയൂർ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കണമെന്ന പഞ്ചായത്ത് ഭരണസമിതിയുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് അടിയന്തിരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

നേഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ)കോഴ്സുകൾ

T8160 ശ്രീ. ബി.ഡി. ദേവസ്സി

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) എ.കെ.ബി മിഷൻ ട്രസ്റ്റ് മേപ്പയൂർ എന്ന വിദ്യാഭ്യാസ സ്ഥാപനത്തിനും, അവർ നടത്തുന്ന നേഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) എന്ന കോഴ്സിനും സർക്കാർ അംഗീകാരമുണ്ടോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത കോഴ്സിന് ഈ സ്ഥാപനത്തിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നതിന് എത്ര സീറ്റാണ് ഉള്ളതെന്നും ഇതിനായി എന്നുമുതലാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും എപ്രകാരമാണ് അപേക്ഷ സ്വീകരിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനത്തിന്റെ പ്രവേശന നടപടികൾ സുതാര്യമല്ലെന്ന ആക്ഷേപമുള്ള സാഹചര്യത്തിൽ നേഴ്സ് കം ഫാർമസിസ്റ്റ് (ഹോമിയോ) കോഴ്സുകൾ സർക്കാർ ഹോമിയോ കോളേജുകളിൽ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

17-7-2014-ലെ മറുപടിക്ക്

ആലപ്പുഴ പഞ്ചകർമ്മ ആശുപത്രി ഉദ്ഘാടനം

8161 ശ്രീ. ജി. സുധാകരൻ

**താഴെ കാണുന്ന ചോദ്യങ്ങൾക്ക്**
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വും വകുപ്പുമന്ത്രി**
**സദയം മറുപടി നൽകുമോ:**

(എ) ആലപ്പുഴ പഞ്ചകർമ്മ ആശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന്റെ അടങ്കൽ തുക എത്രയാണെന്നും ആരാണ് കരാറുകാരനെന്നും കരാർ പ്രകാരം എന്ന് കെട്ടിടനിർമ്മാണം പൂർത്തിയാകുമെന്നും വ്യക്തമാക്കുമോ;

(ബി) പണി പൂർത്തിയാക്കി കെട്ടിടത്തിന്റെ ഉദ്ഘാടനം എന്നു നടത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പഞ്ചകർമ്മ ആശുപത്രിയിൽ അനുവദനീയമായ തസ്തികകൾ എത്രയാണെന്നും നിലവിൽ ജോലി ചെയ്യുന്നവർ എത്രയാണെന്നും ഒഴിവുകൾ എത്രയുണ്ടെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?